(ബി) ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം മേൽ ആവശ്യത്തിനായി കൈമാറുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) റബ്ബർ വർക്സ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ വിസ്തൃതി എത്രയാണെന്നും, മതിപ്പു വില എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം റബ്ബർ വർക്സ്, തിരുവനന്തപുരം വിമാനത്താവളത്തിന് കൈമാറിക്കഴിഞ്ഞാൽ പ്രസ്തുത സ്ഥാപനം മറ്റെവിടെയെങ്കിലും മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ പ്രധാന റബ്ബർ ഉൽപ്പാദനമേഖലയായ നെടുമങ്ങാട് താലൂക്കിൽ ഈ സ്ഥാപനം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ട്രിവാൻഡ്രം റബ്ബർ വർക്സ് സ്ഥിതിചെയ്യുന്ന പ്രദേശം തിരുവനന്തപുരം അന്തർദേശീയ വിമാനത്താവള വികസനത്തിനായി കൈമാറിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥലം വിമാനത്താവള വികസനത്തിനായി കൈമാറുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. ആയതിലേക്കുള്ള നടപടിക്രമങ്ങൾ നടന്നുവരുകയാണ്.

(സി) ട്രിവാൻഡ്രം റബ്ബർ വർക്സ് സ്ഥിതിചെയ്യുന്ന വസ്തുവിന്റെ വിസ്തൃതി 13.28 ഏക്കറാണ്. ഡിസ്ട്രിക്ട് കളക്ടറുടെ അദ്ധ്യക്ഷതയിൽ 24-6-2005-ൽ നടന്ന മീറ്റിംഗിൽ ഫാസ്റ്റ്ട്രാക്ക് പദ്ധതി പ്രകാരം സെന്റിന് 1,10,000 രൂപ വീതം 19 സെന്റിനും, ബാക്കി വസ്തുവിന് സെന്റിന് 80,000 രൂപ വച്ചുമാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൻമേൽ കമ്പനി മുഴുവൻ വസ്തുവിനും സെന്റിന് 1,10,000 രൂപ വെച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 8-6-2005-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യൂണിയൻ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ ട്രിവാൻഡ്രം റബ്ബർ വർക്സ് എന്ന സ്ഥാപനം നിലനിർത്തിക്കൊണ്ടു പോകണമെന്നകാര്യം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ വിജിലൻസ് അന്വേഷണം

282 [1270] *ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടർക്കെതിരെ എത്ര വിജിലൻസ് അന്വേഷണങ്ങൾ നിലവിലുണ്ട്; അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

GPM. 2/567/2012—38

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ കെൽ, കെൽടെക് എന്നീ സ്ഥാപനങ്ങളുടെ മേധാവിയായിരുന്നപ്പോൾ അദ്ദേഹത്തിനെതിരെ എന്തെങ്കിലും അഴിമതി ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പ്രസ്തുത ഉദ്യോഗസ്ഥന്റെ ഔദ്യോഗിക വീഴ്ചകളെപ്പറ്റി ഹൈക്കോടതി, അക്കൗണ്ടന്റ് ജനറൽ, ധനകാര്യ ഇൻസ്പെക്ഷൻ വിംഗ്, നിയമസഭാ സമിതി എന്നിവർ എന്തെങ്കിലും നിരീക്ഷണങ്ങളോ പരാമർശങ്ങളോ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) കേര വൃക്ഷങ്ങളുടെ മണ്ഡരിബാധ തടയുന്നതിനുള്ള മരുന്നുതളിയുടെ ചുമതല ഈ ഉദ്യോഗസ്ഥനെ ഏൽപ്പിക്കുന്നതിനുള്ള കാരണം വിശദമാക്കുമോ?

ഉത്തരം

(എ) – (ഡി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേശ്വരത്ത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗൺ ആരംഭിക്കാൻ നടപടി

283 [1271] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരത്ത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഒരു ഗോഡൗൺ ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

കോർപ്പറേഷന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ഇത് തൽക്കാലം ഉദ്ദേശിക്കുന്നില്ല.

ക്ഷീരവിപണി ശക്തിപ്പെടുത്തുവാൻ നടപടി

284 [1272] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ *തോമസ് ചാഴികാടൻ:*

„ *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽപ്പൊടി നിർമ്മാണശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എവിടെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) സർക്കാരിന്റെ ഉടമസ്ഥതയിൽ എവിടെയൊക്കെ പാൽപ്പൊടി നിർമ്മാണശാല പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) കേരളത്തിൽ പാലിന്റെ പ്രതിമാസ ഉൽപ്പാദനം എത്ര ലിറ്ററാണെന്നു ഉൽപ്പാദിപ്പിക്കപ്പെടുന്ന പാൽ അത്രയും വിപണനം ചെയ്യാൻ കഴിയുന്നുണ്ടോയെന്നു അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly